(ബി) ഓരോ സ്കീമിനും സർക്കാർ അംഗീകാരം ലഭിച്ച വർഷം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകെ 113 സ്കീമുകളുള്ളതിൽ 3 സ്കീമുകൾ 1970-ന് മുൻപ് അംഗീകാരം ലഭിച്ചവയാണ്. 28 സ്കീമുകൾ 1971-1980 കാലയളവിലും 47 സ്കീമുകൾ 1981-1990 കാലയളവിലും 35 സ്കീമുകൾ 1991-2000 കാലയളവിലും അംഗീകാരം ലഭിച്ചവയാണ്. 2000-നുശേഷം ഇവയിൽ 6 സ്കീമുകൾക്ക് വേരിയേഷൻ നടത്തിയിട്ടുണ്ട്.

(സി) ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുക എന്നത് 'സ്കീം ഓഫ് പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം' എന്ന പദ്ധതിയുടെ ഒരു ഘടകമാണ്. ഈ പദ്ധതിയുടെ 2012-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 30 ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കീം ഏരിയയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ഇതര ഏജൻസികൾ മുഖേന സാദ്ധ്യമാകുമോ എന്ന് പരിശോധിക്കുന്നതിന് ചില പൈലറ്റ് സ്റ്റഡികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്നുണ്ട്.

2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

176 (1614) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ലക്ഷ്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക-പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കാൻ ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുകയും അവയുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യുകയാണ് 2014-ലെ കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ (ഓർഡിനൻസ് 16/2014) ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി ഓർഡിനൻസ് പ്രകാരം സംസ്ഥാനത്തിനായി ഒരു പെർസ്പെക്ടീവ് പ്ലാനും ജില്ല/മെട്രോപൊളിറ്റൻ തലങ്ങളിൽ പെർസ്പെക്ടീവ് പ്ലാനുകളും ലോക്കൽ പ്ലാനിംഗ് ഏരിയ/ജോയിന്റ് പ്ലാനിംഗ് ഏരിയാതലങ്ങളിൽ മാസ്റ്റർ പ്ലാനുകളും ഒരു ലോക്കൽ പ്ലാനിംഗ് ഏരിയയ്ക്കുള്ളിലുള്ള പ്രത്യേക പ്രദേശങ്ങൾക്ക് വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ ജില്ല/മെട്രോപൊളിറ്റൻ ഏരിയ/ലോക്കൽ പ്ലാനിംഗ് ഏരിയകൾക്ക് എക്സ്ടികൃഷൻ പ്ലാൻ തയ്യാറാക്കാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) സംസ്ഥാനത്തിനായുള്ള പെർസ്പെക്ടീവ് പ്ലാൻ സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷനും ജില്ലാതലത്തിലുള്ള പെർസ്പെക്ടീവ് പ്ലാനും എക്സ്ടികൃഷൻ പ്ലാനും അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും മെട്രോപൊളിറ്റൻ പ്രദേശത്തിനുള്ള പെർസ്പെക്ടീവ് പ്ലാനും എക്സ്ടികൃഷൻ പ്ലാനും അതത് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും മാസ്റ്റർ പ്ലാനുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/വില്ലേജ് പഞ്ചായത്ത്)ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും അവയുടെ എക്സ്ടികൃഷൻ പ്ലാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് തയ്യാറാക്കേണ്ടത്.

(ഡി) ഇല്ല.

ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണം

177 (1615) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ എന്തെന്നും വിശദീകരിക്കാമോ ;

(ഡി) ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly